## പതിനാലാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

### തൊഴിലുറപ്പ് തൊഴിലാളികൾക്കായി ക്ഷേമ പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1644 — 05-02-2019-ൽ മറുപടിയ്ക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീമതി. പി.അയിഷാപോറ്റി** | | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി |
| (എ) | തൊഴിലുറപ്പ് പദ്ധതി പ്രകാരം രാജ്യത്ത് ഏറ്റവും കൂടുതൽ തൊഴിൽ ദിനങ്ങൾ പ്രതിവർഷം നൽകുന്ന സംസ്ഥാനം കേരളമാണോ എന്ന് വ്യക്തമാക്കാമോ : | (എ) | അല്ല. |
| (ബി) | പ്രസ്തുത പദ്ധതിയിൽ കേരളത്തിന് അനുഗുണമല്ലാത്ത മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ ; | (ബി) | ഉണ്ട്. സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ക്ഷീരവികസനം പ്രോത്സാഹിപ്പിക്കുന്നതിനായി പശുവളർത്തൽ, നെൽകൃഷി വ്യാപിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുവേണ്ടി കേന്ദ്ര- ഗ്രാമവികസന മന്ത്രാലയത്തിന് പ്രൊപ്പോസൽ നൽകിയിരുന്നുവെങ്കിലും അനുമതി ലഭിച്ചിട്ടില്ല. |
| (സി) | തൊഴിലുറപ്പ് തൊഴിലാളികൾക്ക് സമഗ്രമായി ക്ഷേമ പദ്ധതി ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (സി) | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടേയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെയും കീഴിലുള്ള തൊഴിലാളികളുടെ ക്ഷേമാനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിന് വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനുള്ള ക്ഷേമ പദ്ധതി നടപ്പാക്കാൻ ആവശ്യമായ നിയമനിർമ്മാണ പ്രവൃത്തികൾ സർക്കാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ